REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-10-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- 51,000 ത്തിലധികം പേർക്ക് നിയമന കത്തുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് റോസ്ഗർ മേളയിൽ വിതരണം ചെയ്യും. കേന്ദ്രമന്ത്രിമാരായ ചിരാഗ് പസ്വാൻ തിരുവനന്തപുരത്തത്തും, സുരേഷ് ഗോപി എറണാകുളത്തും മേളയിൽ പങ്കെടുക്കും.
- ഇന്ന് ദേശീയ ആയുർവേദ ദിനം.
- കാസർഗോഡ് തെയ്യം കെട്ട് മഹോൽസവത്തിനിടെ വെടി പുരയ്ക്ക് തീ പിടിച്ച് 100 ലധികം പേർക്ക് പരിക്ക്. പത്തോളം പേരുടെ നില ഗുരുതരം.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് 35 പത്രികകൾ സ്വീകരിച്ചു. പ്രചാരണം കൂടുതൽ ഊർജ്ജിതമായി.
- ശാസ്ത്രാവബോധം പ്രചരിപ്പിക്കാൻ ശാസ്ത്ര സ്ഥാപനങ്ങൾക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഇന്ത്യ - ന്യൂസിലാൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ചകഴിഞ്ഞ് അഹമ്മദാബാദിൽ.

## വാർത്തകൾ വിശദമായി

**കേന്ദ്രഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ പുതുതായി നിയമിതരായ 51 ആയിരത്തിലധികം പേർക്ക് നിയമന കത്തുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് റോസ്ഗർ മേളയിൽ വീഡിയോ കോൺഫറൻസ് വഴി വിതരണം ചെയ്യും. രാജ്യത്ത് 40 സ്ഥലങ്ങളിലാണ്**

റോസ്ഗർ മേള സംഘടിപ്പിക്കുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം രാഷ്ട്ര നിർമ്മാണത്തിൽ ഭാഗഭാക്കാകാൻ യുവാക്കൾക്ക് അവസരങ്ങൾ നൽക്കുകയാണ് മേളയുടെ ലക്ഷ്യം. പുതുതായി നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് iGOT കർമ്മയോഗി പോർട്ടൽ വഴി അടിസ്ഥാന പരിശീലനം നൽകും.

✪✪✪

സംസ്ഥാനത്ത് തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലും രാവിലെ റോസ്ഗാർ മേള സംഘടിപ്പിക്കും.

തിരുവനന്തപുരത്ത് കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാൻ മുഖ്യാതിഥിയാകും. തൈക്കാട് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ രാവിലെ ഒൻപതിനാണ് പരിപാടി.

എറണാകുളം ഗംഗോത്രി കല്യാണ മണ്ഡപത്തിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കെടുക്കും. 150 ഓളം പേർക്ക് നിയമന കത്തുകൾ കൈമാറും.

✪✪✪

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ ഭാഗമായി കുടുംബത്തിന്റെ വാർഷിക വരുമാനം പരിഗണിക്കാതെ 70 നും അതിനു മുകളിലും പ്രായക്കാരായ രാജ്യത്തെ എല്ലാ മുതിർന്ന പൗരന്മാർക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. നാലരക്കോടി കുടുംബങ്ങളിലെ ആറ് കോടിയോളം മുതിർന്ന പൗരന്മാർക്ക് അഞ്ച് ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കുന്നതാണ് പദ്ധതി. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പോർട്ടലിലോ ആയുഷ്മാൻ ആപ്പിലോ രജിസ്റ്റർ ചെയ്താണ് പദ്ധതിയുടെ ഭാഗമാകുന്നത്. കേരളത്തിൽ അക്ഷയകേന്ദ്രങ്ങളിൽ ഇതിനു സൗകര്യം ലഭിക്കും.

✪✪✪

ഇന്ന് ദേശീയ ആയുർവേദ ദിനം. ലോകാരോഗ്യത്തിന് ആയുർവേദത്തിന്റെ നൂതനരീതികൾ എന്ന പ്രമേയത്തിൽ ഒമ്പതാമത് ദേശീയ ആയുർവേദ ദിനം ഇന്ന് രാജ്യത്ത് വിവിധ പരിപാടികളോടെ ആചരിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ സുപ്രധാന ഘടകമായി ആയുർവേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ തത്വങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനുമായാണ് എല്ലാ വർഷവും ധന്വന്തരി ജയന്തിയായ ഒക്ടോബർ 29 ദേശീയ ആയുർവേദ ദിനമായി ആചരിക്കുന്നത്.

വനിതകളുടെ ആരോഗ്യത്തിന് ആയുർവേദം, നൂതന ആയുർവേദ ആശയങ്ങളും വ്യവസായ വികസനവും, തൊഴിലിടങ്ങളിലെ ആരോഗ്യവും ആയുർവേദവും, ആയുർവേദ ആഹാര രീതികളും നൂതന ആശയങ്ങളും എന്നീ സന്ദേശങ്ങളുമായി ഭാരതീയ ചികിത്സാ വകുപ്പ് ഇതര വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് പരിപാടികൾ നടപ്പിലാക്കുന്നത്. ന്യൂഡൽഹി എയിംസിൽ സംഘടിപ്പിക്കുന്ന ദിനാചരണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈനായി പങ്കെടുക്കുകയും നിരവധി അത്യാധുനിക പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്യും.

ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് 12,850 കോടി രൂപയുടെ വിവിധ പദ്ധതികളും പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

✪✪✪

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് തെയ്യം കെട്ട് മഹോൽസവത്തിനിടെ വെടി പുരയ്ക്ക് തീ പിടിച്ച് 100 ലധികം പേർക്ക് പരിക്കേറ്റു. പത്തോളം പേരുടെ നില ഗുരുതരമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.

.....(വോയ്സ്)..........

✪✪✪

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ 35 പത്രികകൾ സ്വീകരിച്ചു, വയനാട് ലോക്സഭാ മണ്ഡലത്തിൽ 16 ഉം, പാലക്കാട് നിയമസഭാ മണ്ഡലത്തിൽ 12 ഉം, ചേലക്കരയിൽ ഏഴും പത്രികകളാണ് സ്വീകരിച്ചത്.

വയനാട്ടിൽ അഞ്ചും, പാലക്കാട് നാലും, ചേലക്കരയിൽ രണ്ടും പത്രികകൾ തള്ളി.

നാളെ പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ മത്സര ചിത്രം വ്യക്തമാകും. അടുത്ത മാസം 13 ന് നടക്കുന്ന തിരഞ്ഞെടുപ്പിന് പ്രചാരണം അവസാനിക്കാൻ രണ്ടാഴ്ചയോളം മാത്രം ബാക്കിനിൽക്കെ വോട്ടുറപ്പിക്കാൻ പരമാവധി തന്ത്രങ്ങളുമായി മണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ് സ്ഥാനാർത്ഥികളും നേതാക്കളും. ദേശീയ നേതാക്കൾ വൈകാതെ സംസ്ഥാനത്ത് പ്രചാരണത്തിനെത്തും.

✪✪✪

വയനാട് ലോക്സഭാ മണ്ഡലം UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്ന് കോഴിക്കോട് മലപ്പുറം ജില്ലകളിൽ പര്യടനം നടത്തും. രാവിലെ ഈങ്ങാപ്പുഴയിലും, ഉച്ചയ്ക്ക് ഏറനാട് നിയോജക മണ്ഡലത്തിലെ തെരട്ടമ്മലും ഉച്ച കഴിഞ്ഞ് മമ്പാടും, വൈകിട്ട് ചുങ്കത്തറയിലും പ്രിയങ്ക ഗാന്ധി കോർണർ യോഗങ്ങളിൽ പങ്കെടുക്കും.

NDA സ്ഥാനാർഥി നവ്യ ഹരിദാസ് നിലമ്പൂർ മണ്ഡലത്തിൽ ഇന്ന് പര്യടനം നടത്തും. രാവിലെ കാരക്കോട് ആശ്രമത്തിൽ നിന്നും തുടങ്ങുന്ന പര്യടനം വൈകിട്ട് നിലമ്പൂർ കോവിലകത്തെത്തും.

LDF സ്ഥാനാർഥി സത്യൻ മൊകേരി മാനന്തവാടിയിലാണ് ഇന്ന് പര്യടനം നടത്തുക.

✪✪✪

പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണ പരിപാടികളിൽ ഇന്ന് AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ എംപി പങ്കെടുക്കും.

NDA സ്ഥാനാർഥി C. കൃഷ്ണകുമാറിന്റെ തെരഞ്ഞെടുപ്പ് പൊതു യോഗങ്ങൾ കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി ഉദ്ഘാടനം ചെയ്യും.

പാലക്കാട് നഗരസഭ പ്രദേശങ്ങളിൽ വോട്ടഭ്യർത്ഥന നടത്തുന്ന LDF സ്ഥാനാർഥി ഡോ. P. സരിൻ മാത്തൂർ പഞ്ചായത്തിലെ റോഡ് ഷോയിലും പങ്കെടുക്കും.

✪✪✪

ജാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനു നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും. ഈ ഘട്ടത്തിൽ മുപ്പത്തിയെട്ട് മണ്ഡലങ്ങളിൽ അടുത്ത മാസം 20 നാണ് വോട്ടെടുപ്പ് .

✪✪✪

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ സൗദി സന്ദർശനം ഇന്നാരംഭിക്കും. ഇന്ത്യയും സൗദി അറേബ്യയും തമ്മിലെ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും വ്യാപാരം, നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവയിൽ പുതിയ വഴികൾ തേടാനും ലക്ഷ്യമിട്ടാണ് രണ്ടു ദിവസത്തെ സന്ദർശനം. റിയാദിൽ ഭാവി നിക്ഷേപ സംരംഭത്തിന്റെ എട്ടാമത് പതിപ്പിലും ഗോയൽ പങ്കെടുക്കും.

✪✪✪

ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കാൻ മാത്രമല്ല ശാസ്ത്രാവബോധം പ്രചരിപ്പിക്കാനും ശാസ്ത്രസ്ഥാപനങ്ങൾക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോട്ടയം പാമ്പാടിയിൽ നിർമാണം പൂർത്തിയാക്കിയ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസിന്റെ ഒന്നാംഘട്ട അടിസ്ഥാന സൗകര്യവികസനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ശാസ്ത്രാവബോധമുള്ള സമൂഹത്തിൽ മാത്രമേ ശാസ്ത്ര സ്ഥാപനങ്ങൾക്കു നിലനിൽപ്പുള്ളൂ എന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ADM ആയിരുന്ന K.നവീൻ ബാബുവിന്റെ മരണവു മായി ബന്ധപ്പെട്ട് മുൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് P.P. ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ ഇന്ന് വിധി പറയും തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വിധി പ്രഖ്യാപിക്കുക. ADM മരിച്ച സംഭവത്തിൽ ദിവ്യക്കെതിരേ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തിയാണ് പൊലീസ് കേസെടുത്തത്.

✪✪✪

കണ്ണൂർ രാമന്തളി കുരിശുമുക്കിൽ മിനി ടെമ്പോ ഇടിച്ച് മരിച്ച മൂന്ന് തൊഴിലുറപ്പ് തൊഴിലാളികളുടെ മൃതദേഹം ഇന്ന് സംസ്കരിക്കും. കല്ലേറ്റുംകടവിലെ പി.വി. ശോഭ , ടി.വി. യശോദ, ബി.പി. ശ്രീലേഖ എന്നിവരാണ് മരിച്ചത്. രാമന്തളി പഞ്ചായത്ത് അഞ്ചാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികളാണിവർ .

കല്ലേറ്റുംകടവ് വായനശാലാപരിസരത്ത് രാവിലെ 9 മുതൽ മൂന്നുപേരുടെയും മൃതദേഹം പൊതു ദർശനത്തിന് വെക്കും.

✪✪✪

ഇന്ത്യ - ന്യൂസിലാൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തേയും അവസാനത്തേയും മത്സരം ഇന്ന്.

അഹമ്മദാബാദിൽ ഉച്ച കഴിഞ്ഞ് ഒന്നരയ്ക്ക് ആരംഭിക്കും. മൂന്നു മത്സര പരമ്പരയിൽ ഓരോ മത്സരം ജയിച്ച് സമനിലയിലായതിനാൽ പരമ്പര സ്വന്തമാക്കാൻ ഇരു ടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്.

✪✪✪

സൂപ്പർ ലീഗ് ഫുട്ബോളിന്റെ അവസാന റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഫോഴ്സ കൊച്ചിയും തൃശൂർ മാജിക് FC യും വൈകിട്ട് ഏഴരയ്ക്ക് ഏറ്റുമുട്ടും.

ഒമ്പത് റൗണ്ട് കഴിഞ്ഞപ്പോൾ കാലിക്കറ്റ് FC, കണ്ണൂർ വാരിയേഴ്സ്, കൊച്ചി ടീമുകളാണ് സെമിക്ക് യോഗ്യത നേടിയത്.

✪✪✪

പട്ടിക വർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ സംസ്ഥാന കായിക മേളയായ കളിക്കളത്തിലെ ആദ്യ ദിനം മത്സരങ്ങൾ അവസാനിച്ചപ്പോൾ വയനാട് ജില്ല മുന്നിലെത്തി. തിരുവനന്തപുരം കാര്യവട്ടത്തു നടക്കുന്ന മത്സരത്തിൽ 70 പോയിന്റാണ് ജില്ലയ്ക്ക് ലഭിച്ചത്. 26 പോയിന്റുമായി തിരുവനന്തപുരം ജില്ല രണ്ടാം സ്ഥാനത്തും 25 പോയിന്റുമായി ഇടുക്കി ജില്ല മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

വനമേഖലയുമായി അതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്തുകൾ വികസനപദ്ധതി തയ്യാറാക്കുമ്പോൾ വന്യജീവി പ്രതിരോധത്തിന് തുക വകയിരുത്തണമെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. കോന്നി വനം ഡിവിഷനിൽ വന്യജീവി ശല്യം ലഘൂകരിക്കുന്നതിന് സ്ഥാപിക്കുന്ന സൗരോർജ്ജ തൂക്കുവേലിയുടെ നിർമാണ ഉദ്ഘാടനം പൂമരുതിക്കുഴിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കോന്നി പേരുവാലിയിലെ വനം വകുപ്പിന്റെ ആരണ്യകം കഫേയുടെ പ്രവർത്തനോദ്ഘാടനവും മന്ത്രി നിർവഹിച്ചു.

✪✪✪

കഴിഞ്ഞ നാല് വർഷകാലത്തിനിടക്ക് ജീവനക്കാരുടെ ശമ്പളമടക്കം നാലായിരം കോടി രൂപ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ

**വിനിയോഗിച്ചെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. ഇതിൽ ഏകദേശം 2000 കോടി രൂപ അടിസ്ഥാന വിപുലീകരണ രംഗത്താണ് വിനിയോഗിച്ചതെന്നും മന്ത്രി അറിയിച്ചു. കണ്ണൂർ തോട്ടട ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ പുതുതായി നിർമ്മിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനവും കിച്ചൺ ബ്ലോക്കിന്റെ ഉദ്ഘാടനവും ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.**

✪✪✪

**സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീകൾക്കു മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണ മേളയും വായ്പാ തിരിച്ചടവിൽ കഷ്ടത അനുഭവിക്കുന്ന ഗുണഭോക്താക്കൾക്കായി LDRF അദാലത്തും സംഘടിപ്പിച്ചു. മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്തു.**

**ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളാണുള്ളതെന്നും സമൂഹത്തിൽ എല്ലാ വിഭാഗത്തിലുള്ളവരും സാമ്പത്തികമായി സംരക്ഷിക്കപ്പെടണമെന്നും മന്ത്രി പറഞ്ഞു.**

✪✪✪

**ചെറുകാട് ട്രസ്റ്റിന്റെ ചെറുകാട് പുരസ്കാരം നടൻ ഇന്ദ്രൻസിന് മന്ത്രി എം ബി രാജേഷ് പെരിന്തൽമണ്ണയിൽ സമ്മാനിച്ചു. 50,000 രൂപയും പ്രശസ്തി ഫലകവുമാണ് അവാർഡ്. ഇന്ദ്രൻസിന്റെ 'ഇന്ദ്രധനുസ്സ്' എന്ന ആത്മകഥയാണ് പുരസ്കാരത്തിന് അർഹമായത്.**

✪✪✪

**അടിമുടി ദുരൂഹതയോടെയാണ് കോഴിക്കോട് കോർപ്പറേഷൻ വാർഡ് പുനർനിർണയം മുന്നോട്ടുപോകുന്നതെന്ന് BJP ജില്ലാ പ്രസിഡന്റ് V.K സജീവൻ ആരോപിച്ചു. ഭരണകക്ഷിയുടെ താത്പര്യത്തിനനുസരിച്ച വാർഡ് പുനർനിർണ്ണയമാണ് നടക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. വാർഡ് പുനർനിർണയത്തിന് നിശ്ചയിച്ച 24 ടീമും സുതാര്യമായും നിഷ്പക്ഷമായും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുമാണ് പ്രവർത്തിച്ചതെന്ന് ബിജെപി വിശ്വസിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.**

✪✪✪